(ഇ) ഈ പദ്ധതിയിൽനിന്നും സംസ്ഥാനത്തെ ഒഴിവാക്കുന്നതിനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ആരോഗ്യ വ്യവസ്ഥാപദ്ധതിയിൽ സംസ്ഥാനത്തെക്കൂടി ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ)മുതൽ(എഫ്)വരെ ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ ഇൻഡ്യയിലെ ഏതാനും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന ആരോഗ്യ വ്യവസ്ഥാ പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തുന്നതിനായി, സംസ്ഥാനത്തെ ദ്വിതീയതല ആശുപത്രികളുടെ സമഗ്രവികസനം ലക്ഷ്യമായി 423.65 കോടി രൂപയുടെ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി. ദ്വിതീയതല ആശുപത്രികളിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണം, ചികിത്സാ സാമഗ്രികൾ ലഭ്യമാക്കൽ, ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ജീവനക്കാർക്ക് വിദ്ഗദ്ധ പരിശീലനം ലഭ്യമാക്കുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പദ്ധതികൾ എന്നീ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

123 (123) ആരോഗ്യവ്യവസ്ഥാ പദ്ധതി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ കേന്ദ്രം നടപ്പിലാക്കുന്ന ആരോഗ്യ വ്യവസ്ഥാ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ കേരളത്തെ ഉൾപ്പെടുത്താത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(സി)വരെ ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ഇൻഡ്യയിലെ ഏതാനും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന ആരോഗ്യ വ്യവസ്ഥാ പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തുന്നതിനായി, സംസ്ഥാനത്തെ ദ്വിതീയ തല ആശുപത്രികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി 423.65 കോടി രൂപയുടെ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി. ദ്വിതീയതല ആശുപത്രികളിൽ വിദ്ഗദ്ധ ചികിൽസ ലഭ്യമാക്കുന്നതിനാവശ്യമായ കെട്ടിടനിർമ്മാണം, ചികിത്സാ സാമഗ്രികൾ ലഭ്യമാക്കൽ, ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ജീവനക്കാർക്ക് വിദ്ഗദ്ധ പരിശീലനം ലഭ്യമാക്കുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പദ്ധതികൾ എന്നീ വികസനപ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly